12 (586) വൻകിട വ്യവസായങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖല, സഹകരണമേഖല സ്വകാര്യമേഖല എന്നീ ഓരോ മേഖലകളിലായി ഏതെല്ലാം വൻകിട വ്യവസായങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതേത് വ്യവസായങ്ങൾക്കാണ് വിദേശസഹായം ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിദേശരാജ്യങ്ങളിൽനിന്നാണ് വിദേശസഹായം ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) ഇവയിൽ ഓരോന്നിനും വേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ മുതൽമുടക്കുകൾ എത്രവീതമാണ്;

(ഡി) ഇവയിലൂടെ ഉണ്ടായിട്ടുള്ള തൊഴിലവസരങ്ങൾ എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വകാര്യമേഖല - 34

സഹകരണമേഖല - ഇല്ല

പൊതുമേഖല (കെ.എസ്. ഐ.ഡി.സി. യുടെ സഹായത്തോടെ) - 1

ഇവയുടെ പേരുവിവരം അനുബന്ധമായി നൽകിയിരിക്കുന്നു.†

1. ഡേറ്റാവെയർഡിസൈൻ ലാൻഡ് - യു.എസ്.ഐ.
2. ഐ.സി.എസ്. ഗ്രൂപ്പ് - ദുബായ്
3. ടോറോയിഡ് ഇന്ത്യ- സ്വീഡൻ
4. ടൂൾസ് ഇന്ത്യ-യു.എസ്.എ
5. കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലി. - ജപ്പാൻ
6. ലോട്ടസ് അപക്സ് ലി. അമേരിക്ക - എറണാകുളം
7. ബാഹുലേയൻ ചാരിറ്റബിൾ ഫൗണ്ടേഷൻ - കോട്ടയം
8. ഇൻഡോ അമേരിക്ക ജർമ്മൻ കാർബൺ ലി.-എറണാകുളം - മസ്ക്കറ്റ്
9. ചാല ഇൻഡസ്ട്രീസ് ലി. - പാലക്കാട്- സിംഗപ്പൂർ

(സി) ഇവയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മുതൽമുടക്കിയിട്ടില്ല.

(ഡി) 5166 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly